റിപ്പോർട്ട്

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുവള്ളൂർ വില്ലേജ് റി.സ. 318/3 ൽപ്പെടുന്ന സ്ഥലത്ത് ജി.1 ഒക്യുപ്പൻസിയിൽപ്പെട്ട കാർവാഷിംഗ് യൂണിറ്റിന്റെ നിർമ്മാണത്തിനായി ബി.1-ബി-എ 64597/2022 തിയ്യതി 12/01/2022 പ്രകാരം ശ്രീ.ഷിബു ശ്രീധർ, ശ്രീ. വിനോദ് പി.ആർ. എന്നിവർക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് എതിരായി ശ്രീ സുരേഷ് മുതൽ പേർ 25/04/2022 തിയ്യതിയിൽ 313/2022 നമ്പറായും ശ്രീ. ജിനീഷ് മുതൽ പേർ 05/02/2022 തിയ്യതിയിൽ 452/2022 നമ്പറായും ചെയർമാന് ശ്രീ. ഷാജി, കൺവീനർ ശ്രീ സുരേഷ് എന്നിവര് ചേർന്ന് 11/05/2022 തിയ്യതിയില് 582/22 നമ്പറായും 14/06/2022 തിയ്യതിയില് 1189/2022 നമ്പറായും പരാതി സമർപ്പിച്ചിരുന്നു. പരാതിയുടെ അടിസ്ഥാനത്തില് പരിശോധന നടത്തിയതിൽ താഴെ സൂചിപ്പിച്ച ചട്ടലംഘനങ്ങള് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്ലോട്ടിന്റെ വടക്ക് ഭാഗത്ത് 5 മീ. ഉയരത്തിലും പടിഞ്ഞാറ് ഭാഗത്ത് 3 മീ. ഉയരത്തിലും പ്ലോട്ടിനോട് ചേർന്ന് കിഴക്കുഭാഗത്തെ റോഡിനോട് ചേർന്ന ഭാഗത്തും മണ്ണ് അരിഞ്ഞ് താഴ്ത്തിയിട്ടുണ്ട്. മണ്ണ് ഖനനം നടത്തിയത് അതിരിനോട് ചേർന്നും 1.5 മീ. കൂടുതലായതിനാലും KPBR 2019 ചട്ടം 10ന്റെ ലംഘനമാണ്. KPBR 2019 ചട്ടം 10 പ്രകാരം അനുമതി ലഭ്യമാകാതെ നിലവിലുള്ള പെർമിറ്റില് നിന്നും വ്യത്യാസം വരുത്തിയത് ചട്ടം 4(2),89 എന്നിവയുടെ ലംഘനമാണ്. ആയതിനാൽ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് റദ്ദ് ചെയ്യുന്നതാണെന്ന് കാണിച്ച് അപേക്ഷകന് 20/06/2022 ന് നോട്ടീസ് നല്കുകയുണ്ടായി. അപേക്ഷകൻ 07/07/202 ന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് വീണ്ടും പരിശോധന നടത്തിയതിൽ മുന് റിപ്പോർട്ടിലെ അപാകതകള് അതേപടി നിലനില്കുന്നതായികാണുന്നു. അനധികൃത മണ്ണ് ഖനനം ക്രമവൽക്കരിക്കുവാന് KPBR വ്യവസ്ഥകളില് നിഷ്കര്ഷിച്ചിട്ടില്ലാത്തതിനാല് ആയത് ക്രമവല്കരിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുമതി ആവശ്യമാണ്. ആയത് ക്രമവല്കരിച്ച് KPBR 2019 ചട്ടം 10 പ്രകാരമുള്ള സംരക്ഷണ പ്രവൃത്തികള് കൂടി ഉൾപ്പെടുത്തി റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുന്ന മുറക്ക് മാത്രമെ അനുമതി നല്കുന്നതിന് സാധിക്കുകയുള്ളു. അപേക്ഷകൻ ബഹു. തദ്ദേശ സ്വയംഭരണ ട്രൈബ്യൂണൽ മുമ്പാകെ എം.പി.എൽ. 536/2022 നമ്പറായി ഹരജി സമർപ്പിക്കുകയുണ്ടായി. ബഹു. തദ്ദേശ സ്വയംഭരണ ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തില് 27/11/2023ന് തിങ്കളാഴ്ച 3 മണിക്ക് പരാതിക്കാരുടേയും കെട്ടിട നിർമ്മാണം നടത്തുന്നവരുടേയും യോഗം വിളിച്ചു ചേർക്കുന്നതിന് കത്ത് നല്കിയിട്ടുണ്ട്. 18/11/2023ന് 7684/23 പ്രകാരം സുരേഷ് എന്.കെ. നമ്പൂടികണ്ടിയിൽ എന്നവര് വീണ്ടും പരാതി സമർപ്പിച്ചിട്ടുണ്ട്.

OFFICE OF THE THIRUVALLUR GRAMA PANCHAYAT * THIRUVALLUR * Pin - 673 541

SECRETARY
THIRUVALLUR GRAMA PANCHAYATH
KOZHIKODE DIST. - 673 541, PH: 0496-2592027